പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4381 | 17.12.2014- ൽ മറുപടിക്ക് |
|---|---|

## കോഴിയിറച്ചിയിൽ ആന്റിബയോട്ടിക് സാന്നിദ്ധ്യമുണ്ടെന്ന കണ്ടെത്തൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കോഴിയിറച്ചിയിൽ ആന്റിബയോട്ടിക് സാന്നിദ്ധ്യമുണ്ടെന്ന ഡൽഹി ആസ്ഥാനമായ സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; | എ) | കോഴിയിറച്ചിയിൽ ആന്റിബയോട്ടിക് സാന്നിദ്ധ്യമുണ്ടെന്ന, ഡൽഹി ആസ്ഥാനമായ സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലാ അതിർത്തികളിലൂടെ സംസ്ഥാനത്തേക്ക് കൊണ്ടു വന്ന ചിക്കന്റെ പത്ത് സാമ്പിളുകൾ ശേഖരിച്ച് , ആന്റിബയോട്ടിക് പരിശോധനാ, സംവിധാനമുള്ള ഹൈദ്രബാദിലെ വിമ്റ്റ ലാബിൽ (എൻ.എബി. എൽ അക്രിഡിറ്റഡ്) പരിശോധന നടത്തിയിട്ടുണ്ട്. |
| ബി) | ശാസ്ത്രീയമായി പ്രസ്തുത കണ്ടെത്തൽ തെളിയിക്കപ്പെട്ടിട്ടുണ്ടോ; | ബി) | പരിശോധനക്കയച്ച പത്ത് സാമ്പിളുകളിൽ രണ്ടെണ്ണത്തിൽ ആന്റിബയോട്ടിക്കിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. |
| സി) | ഇതുമൂലം ഉപഭോക്താക്കൾക്കും കോഴിഫാം നടത്തിപ്പുകാർക്കും ഉണ്ടായ ഉത്കണ്ഠ ദൂരീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | സി) | ഭക്ഷ്യസുരക്ഷാ നിലവാരനിയമത്തിലും, 2011-ലെ അനുബന്ധ ചട്ടങ്ങളിലും, ആന്റിബയോട്ടിക്കുകളുടെ സാന്നിദ്ധ്യം സംബന്ധിച്ച മാനദണ്ഡങ്ങൾ നിർവചിച്ചിട്ടില്ല. അതിനാൽ, ഇത് സംബന്ധിച്ച തുടർനടപടികൾ, Food Safety and Standards Authority of India-യുടെ നിർദ്ദേശങ്ങളനുസരിച്ച് കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ര